**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4039** **15-07-2022 - ൽ മറുപടിയ്ക്ക്**

**തദ്ദേശ സ്വയംഭരണ പൊതു സർവ്വീസ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ സി കെ ഹരീന്ദ്രൻ,<br>ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ,<br>ശ്രീ. എ. പ്രഭാകരൻ,<br>ശ്രീ. എൻ.കെ. അക്ബർ** | | **ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ<br>(തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി)** | |
| (എ) | തദ്ദേശ സ്വയംഭരണ പൊതു സർവ്വീസിൽ ഉൾപ്പെടുത്തിയ നഗര ഗ്രാമാസൂത്രണ വകുപ്പിലെ ജീവനക്കാരുടെ സേവന വേതന വ്യവസ്ഥകൾക്കായി നഗരാസൂത്രണ ആക്ട് ഭേദഗതി ചെയ്യുവാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ; | (എ) | 2022-ലെ കേരള തദ്ദേശ സ്വയംഭരണ പൊതുസർവ്വീസ് ഓർഡിനൻസ് (2022-ലെ 5-ാം നമ്പർ ഓർഡിനൻസ്) മുഖേന 2016-ലെ കേരള നഗര-ഗ്രാമാസൂത്രണ ആക്ടിൽ(2016-ലെ 9-ാം ആക്ട്) 10-ാം ഉപവകുപ്പിന്റെ (2)-ാം ഉപവകുപ്പിനു ശേഷം താഴെപ്പറയുന്ന ഉപവകു ചേർത്തു കൊണ്ട് താല്ക്കാലികമായി ഭേദഗ വരുത്തിയിട്ടുണ്ട്. മേൽപ്പറഞ്ഞ ഓർഡിനൻ നിലവിലിരിക്കുന്ന കാലത്ത് ടി ഭേദഗതിക്ക് പ്രാബല്യമുണ്ടായിരിക്കുന്നതാണ്.<br><br>"(3)ഈ ആക്ടിലെ വ്യവസ്ഥകൾക്ക് വിധേയമായി, 1968-ലെ കേരള പബ്ലി സർവ്വീസ് ആക്ട്(1968-ലെ 19-ാം ആക് പ്രകാരം ഉണ്ടാക്കപ്പെട്ടിട്ടുള്ള ചട്ടങ്ങളനുസരി ഉദ്യോഗസ്ഥരുടെയും ജീവനക്കാരുടെയു തരംതിരിവ്, റിക്രൂട്ട്മെന്റ്/നിയമനരീതി, സേവ വ്യവസ്ഥകൾ, ശമ്പളവും ബത്തകളും, അച്ചടക്ക പെരുമാറ്റം എന്നിവ സർക്കാ നിയന്ത്രിക്കേണ്ടതും അങ്ങനെയുള്ള ചട്ടങ്ങളി ഏതെങ്കിലും വിഭാഗത്തിൽപ്പെട്ട തദ്ദേ സ്വയംഭരണവകുപ്പ്(പ്ലാനിംഗ്)ലെ ഉദ്യോഗസ്ഥരെയും ജീവനക്കാരെയു മറ്റേതെങ്കിലും സർവ്വീസിലുള്ള സർക്കാ ജീവനക്കാരെയും ഉൾപ്പെടുത്തിക്കൊ സംസ്ഥാനത്തൊട്ടാകെയോ ഓരോ ജില്ലയ്ക്കുമായോ തദ്ദേശ സ്വയംഭരണ പൊ സർവ്വീസ് രൂപീകരിക്കുന്നതിന് വ്യവസ ചെയ്യാവുന്നതുമാണ്.<br><br>വിശദീകരണം:- ഈ ഉപവകുപ്പിന്റെ ആവശ്യത്തിലേയ്ക്കായി "മറ്റേതെങ്കി |

| | | | |
|---|---|---|---|
| | | | സർവ്വീസുകളിലുള്ള സർക്കാർ ജീവനക്കാർ എന്നാൽ സംസ്ഥാനത്തെ പഞ്ചായത മുനിസിപ്പാലിറ്റി എന്നിവയ്ക്ക് കീഴിലുള സർവ്വീസുകളിലേയും ഗ്രാമ വികസനം, തദ്ദേ സ്വയംഭരണ എഞ്ചിനീയറിംഗ് വിഭാഗം എന സർവ്വീസുകളിലെയും സർക്കാർ ജീവനക്കാ എന്നർത്ഥമാകുന്നു. |
| (ബി) | ജില്ലയ്ക്ക് മാത്രമായോ സംസ്ഥാനത്തൊട്ടാകയോ പഞ്ചായത്തുകളിലേയും മുനിസിപ്പാലിറ്റികളിലേയും ജീവനക്കാരെ ഏകോപിപ്പിച്ച് പൊതു സർവ്വീസ് രൂപവൽക്കരിക്കാമെന്ന് മുനിസിപ്പാലിറ്റി ആക്ടിൽ വ്യവസ്ഥയുണ്ടോ; വിശദമാക്കാമോ; | (ബി) | ഉണ്ട്. 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ടിന്റെ (222)-ാം വകുപ്പിന്റെ (1ബി)ഉപവകുപ്പിൽ ഇപ്രകാരം വ്യവസ്ഥ ചെയ്യുന്നുണ്ട്. |
| (സി) | പൊതു സർവ്വീസ് രൂപവൽക്കരണം സംബന്ധിച്ച് പഞ്ചായത്ത്, മുനിസിപ്പാലിറ്റി ആക്ടുകൾ ഭേദഗതി ചെയ്യുവാൻ ഉദ്ദേശിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കാമോ? | (സി) | 2022-ലെ കേരള തദ്ദേശ സ്വയംഭരണ പൊതു സർവ്വീസ് ഓർഡിനൻസ് (2022-ലെ 5-ാം നമ്പർ ഓർഡിനൻസ്) മുഖേന 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ടിന്റെ(1994-ലെ 13-ാം ആക്ട്) 180-ാം വകുപ്പിന്റെ (4)-ാം ഉപവകുപ്പ്, 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ടിന്റെ (1994-ലെ 20-ാം ആക്ട്)222-ാം വകുപ്പിന്റെ (1ബി)ഉപവകുപ്പ് എന്നിവ താല്ക്കാലികമായി ഭേദഗതി വരുത്തിയിട്ടുണ്ട്. മേൽപ്പറഞ്ഞ ഓർഡിനൻസ് നിലവിലിരിക്കുന്ന കാലത്ത് ടി ഭേദഗതിക്ക് പ്രാബല്യമുണ്ടായിരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ